**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **27-01-2026 - ൽ മറുപടിയ്ക്ക്**

**മുൻഗണന പട്ടികയിലേക്ക് മാറ്റി നൽകിയിട്ടുള്ള റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2025-ൽ സംസ്ഥാനത്ത് എത്ര റേഷൻ കാർഡുകൾ മുൻഗണനേതര പട്ടികയിൽ നിന്നും മുൻഗണന പട്ടികയിലേക്ക് മാറ്റി നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | 37564 |
| (ബി) | അനർഹമായി മുൻഗണന പട്ടികയിലുള്ള കാർഡ് ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | NFSA സ്റ്റേറ്റ് റൂൾ 2018 ലെ ഖണ്ഡിക 6 പ്രകാരം മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും 7 പ്രകാരം അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അതിൻ പ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. വകുപ്പിലെ എല്ലാ പരിശോധനാ ഉദ്യോഗസ്ഥരും ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ആയത് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിക്കൊണ്ട് പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയായതിനാൽ ഇക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ പിന്തുണയും ആവശ്യമാണ്. പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് ടോൾ ഫ്രീ നമ്പർ1987, 1800-425-1550, വാട്ട്സ്ആപ്പ് നമ്പർ 9188527301 എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. പരാതികൾ പരിശോധിച്ച് അനർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റി വരുന്നുണ്ട്. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി "ഓപ്പറേഷൻ യെല്ലോ" എന്ന പേരിൽ ഒരു പരിശോധനാ പരിപാടി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെയായി പരിശോധനയിലൂടെയും, പരാതിയുടെ അടിസ്ഥാനത്തിലും, സ്വമേധയാ സറണ്ടർ ചെയ്തതും ഉൾപ്പെടെ പരാതി സെല്ലിലൂടെ ലഭിക്കുന്ന 2,43,615 മുൻഗണനാ വിഭാഗം കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇപ്രകാരം അനർഹരെ മാറ്റുന്ന ഒഴിവുകളിൽ അർഹരായവരെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനധികൃതമായി മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ചവരിൽ നിന്നും ആകെ 17.61,കോടി/- (ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെ) രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ